**Wednesday, 16 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ആറാം ബുധൻ

Jn 10:1-18

നല്ല ഇടയൻ

Fr. Winson Moyalan CMI

നല്ല ഇടയന്റേയും അനുസരണമുള്ള ആടുകളുടേയും നിരവധി പ്രത്യേകതകൾ സവിസ്തരം പ്രതിപാദിക്കുന്ന ഒരു ഉപമയാണിത്. ജനങ്ങളുടെ തലവനായി ജോഷ്വയെ തിരഞ്ഞെടുക്കുമ്പോഴാണ് ആദ്യമായി 'ഇടയൻ' എന്ന പേര് വേദപുസ്തകത്തിൽ കാണുന്നത്. (സംഖ്യ 27:16) സങ്കീർത്തനങ്ങളിൽ ദൈവമായ കർത്താവിനെ നല്ലിടയനായി ചിത്രീകരിച്ചിരിക്കുന്നു (23:1ff).
പുതിയ നിയമത്തിൽ ഈശോ തന്നെയാണ്
നല്ലിയൻ (14 a).
നല്ലിടയൻ ആടുകൾക്ക് ഭദ്രമായ തൊഴുത്തിൽ സംരക്ഷണം നല്കുകയും, വാതിൽ അടയ്ക്കുകയും തീറ്റയ്ക്കായി തുറന്നുകൊടുക്കുകയും ചെയ്യുന്നു.
അവൻ പറഞ്ഞു: "ഞാനാണ് ആടുകളുടെ വാതിൽ" (7).
സാധാരണ ഇസ്രായേലിൽ പല ആട്ടിൻ കൂട്ടങ്ങളെ ഒരുമിച്ചാണ് തൊഴുത്തിൽ അടയ്ക്കുക. തുറന്നു വിടുന്ന സമയം ഇടയന്മാരുടെ സ്വരം അവ സ്വയം തിരിച്ചറിഞ്ഞു സ്വന്തം ഇടയന്മാരെ അനുഗമിക്കുന്നു. "എനിക്കുള്ളവ എന്നേയും അറിയുന്നു" (14 b). ഇടയനും ആടുകളും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ആടുകളുടെ ജീവൻ സംരക്ഷിക്കുന്നതിന് വേണ്ടി സ്വന്തം ജീവൻ പോലും നല്ല ഇടയൻ നല്കുന്നു (15).
യേശുവാകുന്ന നല്ലിടയൻ അജഗണങ്ങൾക്ക് വേണ്ടി ജീവൻ നല്കാനും, അത് സമൃദ്ധമായി നല്കാനുമാണ് വന്നിരിക്കുന്നത് (10). ആരോടും വേർതിരിവില്ലാതെ തന്റെ തൊഴുത്തിൽപ്പെടാത്ത ആടുകൾക്കും വേണ്ടിപ്പോലും സംരക്ഷണം നല്കുന്നവനാണവൻ. "ഒരാട്ടിൻപറ്റവും ഒരിടയനും" (16). കാരണം സർവ്വജനത്തിന്റേയും രക്ഷയ്ക്ക് വേണ്ടിയാണ് അവൻ വന്നത്.
ഉത്ഥാനത്തെ മുന്നിൽ കണ്ടു കൊണ്ടാണ് യേശു മരണം വരിച്ചത്. അവൻ അത് സ്വമനസ്സാ സ്വാതന്ത്ര്യത്തോടെ അർപ്പിച്ചതാണ് (18). എന്നാൽ പിതാവിന്റെ ഇംഗിതത്തിന്റെ പൂർത്തീകരണവുമാണ് (25). സഭയിൽ അധികാരത്തെ സംബന്ധിച്ച കാഴ്ച്ചപ്പാടാണിത്. 'അജപാലനാധികാരം' എന്നാണ് ഇതിനെ വിളിക്കുക. അജപാലകൻ അജഗണങ്ങളെ സ്നേഹിക്കുന്നതും ശുശ്രൂഷ ചെയ്യുന്നതും സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും കൂടിയാണ്. അതുപ്പോലെ തന്നെ അജഗണങ്ങൾ അജപാലകരേയും അനുസരിക്കുന്ന ആ സമത്വസുന്ദരമായ ലോകത്തെക്കുറിച്ചാണ് നല്ലിടയന്റെ ഉപമ നമ്മെ പഠിപ്പിക്കുന്നത്.

CMI General Department of Evangelization and Pastoral Ministry